പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 4739

18 .12.2014-ൽ
മറുപടിയ്ക്ക്

# 'ദേശീയ കുടുംബ സഹായ പദ്ധതി'

ചോദ്യം
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

മറുപടി
ശ്രീ.അടൂർ പ്രകാശ്
റവന്യൂവും കയറും വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| (എ) ഒരു കുടുംബത്തിന്റെ വരുമാന സ്രോതസ്സായ വ്യക്തിയുടെ മരണം കാരണം നിരാലംബരാകുന്ന കുടുംബത്തെ സഹായിക്കുവാൻ വേണ്ടി കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന ദേശീയ കുടുംബ സഹായ പദ്ധതി (Family Benefit Scheme) ജില്ലകളിൽ കൈകാര്യം ചെയ്യുന്നത് ആരാണെന്ന് വ്യക്തമാക്കുമോ; | (എ) NFBS ജില്ലകളിൽ കൈകാര്യം ചെയ്യുന്നത് ജില്ലാ കളക്ടർ ആണ്. |
| (ബി) ഇതിന്, അർഹതയ്ക്കുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | (ബി) 1. മരണപ്പെടുന്ന വ്യക്തി കുടുംബത്തിലെ പ്രധാന വരുമാനവാഹകൻ ആയിരിക്കണം<br>2. കുടുംബം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായിരിക്കണം.<br>3. അപേക്ഷിക്കുന്നയാൾ കേരളത്തിൽ 3 വർഷം താമസിക്കുന്ന ആളായിരിക്കണം<br>4. മരണമടഞ്ഞ വ്യക്തി 18-നു മുകളിലും 60 വയസ്സിനു താഴേയും പ്രായമുള്ളവരായിരിക്കണം<br>5. മരണ തീയതി മുതൽ ഒരു മാസത്തിനകം അപേക്ഷ സമർപ്പിച്ചിരിക്കണം. |
| (സി) ഈ പദ്ധതിയിൽ അപേക്ഷിക്കുന്നതിന് കാലതാമസം വന്നവരുടെ അപേക്ഷകൾ പരിഗണിക്കുന്നത് എങ്ങനെയാണെന്ന് വ്യക്തമാക്കുമോ; | (സി) നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിച്ച അപേക്ഷകളിൽ ധനസഹായം നൽകിയതിനു ശേഷം ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കാലതാമസം വന്നിട്ടുള്ള അപേക്ഷകളിൽ ധനസഹായം അനുവദിച്ചു നൽകുന്നു. |
| (ഡി) മലപ്പുറം ജില്ലയിൽ ഈ പദ്ധതിയിൽ അപേക്ഷിച്ചവർക്കോ, യഥാസമയം അപേക്ഷിക്കാൻ കഴിയാത്തവരുടെ മാപ്പപേക്ഷയിന്മേലോ ധനസഹായം നൽകുന്നതിന് ബാക്കിയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ഡി) ഉണ്ട്. ആകെ മാപ്പപേക്ഷ സഹിതം ലഭിച്ച 3687 അപേക്ഷകളിൽ 2019 അപേക്ഷകളിൽ തീർപ്പു കൽപ്പിച്ചിട്ടുണ്ട്. ഇനി മാപ്പപേക്ഷ സഹിതം ലഭിച്ച് 1668 അപേക്ഷകളിന്മേൽ തീർപ്പു കൽപിക്കാൻ ബാക്കിയുണ്ട്. ആയതിന്മേലുള്ള തുടർ നടപടികൾ തുടർന്നു വരുന്നു. |
| (ഇ) ഈ പദ്ധതിക്ക് ആവശ്യമായ പ്രചാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) സ്വീകരിക്കുന്നതാണ്. |

(signature)
സെക്ഷൻ ഓഫീസർ